
# ജനാധിപത്യം പുലരാൻ

സി. ജെ. തോമസ്



ജനാധിപത്യം പുലരാൻ
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Portraits in the Characters of the Nine Muses in the Temple of Apollo, a painting by Richard Samuel (1770–1786). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ജനാധിപത്യം പുലരാൻ

അത്യുക്തിയല്ല. അതിശയോക്തിയുമല്ല. ഒരു ആദർശം പുലർത്താൻ അവസരവും അധികാരവും സന്നദ്ധതയും ഉള്ളവർക്കുമാത്രമാണല്ലോ അതിന്റെ വിജയത്തിനു ചുമതലയുള്ളത്. കമ്യൂണിസ്റ്റുകാർ ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലെന്നതുകൊണ്ടുതന്നെ അതു വിജയിപ്പിക്കാനുള്ള കടമയിൽനിന്ന് അവർ സ്വതന്ത്രരാക്കപ്പെടുന്നു. സോഷ്യലിസ്റ്റ് മുതലായ ഇതരകക്ഷികളുടെ വിശ്വാസപ്രമാണമെന്താണെന്ന് അന്യർക്കോ അവർക്കുതന്നെയുമോ നിശ്ചയമില്ലാത്തതിനാൽ അവരുടെയും നില താരതമ്യേന സുരക്ഷിതമാണ്. പക്ഷേ, കോൺഗ്രസ്സിന്റെ പ്രഖ്യാപിതലക്ഷ്യം ജനാധിപത്യമാണ്. ആ അടിസ്ഥാനത്തിലാണ് കോൺഗ്രസ്സ് പ്രസ്ഥാനം നിലനിന്നിട്ടുള്ളതും അധികാരം ഏറ്റെടുത്തതും. അധികാരം അവരുടെ കൈയിലാണ്. മാത്രമല്ല, ഇന്ത്യയിൽ ഏറ്റവും പൊതുജനസമ്മതിയുള്ള രാഷ്ട്രീയസംഘടനയും അതാണ്. ജനാധിപത്യത്തെ പുലർത്തുവാൻ ഏറ്റവും അവസരം അവർക്കാണ്. അതുകൊണ്ടുതന്നെ ഏറ്റവുമധികം കടമയും. ഈ കടമ നിർവ്വഹിക്കുന്നതിൽ അവർ അലസത കാണിക്കുന്നതുകൊണ്ടാണ്, നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ ജനാധിപത്യത്തിന്റെ മുഖ്യശത്രു കോൺഗ്രസ്സാണെന്നു പറയുന്നത്.

ഇക്കഥ ഒഴുക്കനായി പറഞ്ഞാൽ പോരാ. കോൺഗ്രസ്സ് ചെയ്യാത്തതെന്തൊക്കെയാണ്, ജനാധിപത്യവിരുദ്ധമായി ചെയ്യുന്നതെന്തൊക്കെയാണ് എന്നെല്ലാം എണ്ണിയെണ്ണിപ്പറഞ്ഞ് ഒരു ചാർജ്ജ് ഷീറ്റ് തയ്യാറാക്കുക അത്ര എളുപ്പമല്ലെങ്കിലും ചിലതെല്ലാം ചൂണ്ടിക്കാണിക്കാവുന്നതാണ്. ജനാധിപത്യപരമായി ലഭിച്ച അധികാരം പ്രയോഗിക്കുന്നതും വെച്ചുപുലർത്തുന്നതും ജനാധിപത്യപരമായിട്ടല്ലെന്നതാണൊന്ന്. രാജ്യഭരണത്തിന്റെ വിശദാംശങ്ങളിൽ പ്രമാണികളായ ചില വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളാണ് എന്നും നിർണ്ണായകമായ ശക്തി. ചർച്ചകൾക്കും യുക്തിചിന്തയ്ക്കും ലഭിക്കേണ്ട സ്ഥാനം ഇന്നുവരെ കൈവന്നിട്ടില്ല. ഭരണഘടന, സംസ്ഥാന പുനഃസംഘടന, സാമ്പത്തികാസൂത്രണം എന്നിങ്ങനെ മർമ്മപ്രധാനമായ പ്രശ്നങ്ങൾ ജനകീയമര്യാദയോടെ ചർച്ചചെയ്യപ്പെടുന്ന സമ്പ്രദായം ഇതുവരെ ആരും വശമാക്കിയിട്ടില്ല. ഭരണകൂടത്തോടു ഒട്ടിനില്ക്കുന്ന അപൂർവ്വം ഉദ്യോഗസ്ഥാനുദ്യോഗസ്ഥവ്യക്തികൾ മാത്രമാണ് ഇന്നു അഭിപ്രായപ്രകടനം നടത്തുക. പൊതുകാര്യങ്ങളിൽ നേതൃത്വത്തിന്റെ ന്യായമായ സ്ഥാനം നിഷേധിക്കുകയല്ല ഇവിടെ ചെയ്യുന്നത്. തന്ത്രപ്രധാനമായ കാര്യങ്ങളിൽ നാല്പതുകോടി ജനങ്ങളെയും ഭാഗമാക്കിക്കൊള്ളണമെന്നുമല്ല വിവക്ഷ. ആധുനികയുഗത്തിന്റെ സ്വഭാവം ശരിക്കു മനസ്സിലാക്കുന്ന ആളുകളെ കൂടുതലായി ഈ സുപ്രധാനചർച്ചകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുന്നില്ല എന്നാണാരോപണം. ഡർബാറുകളിലെ സ്ഥിരം അതിഥികളെപ്പോലെ ഇടനിലക്കാരായ കുറെ പ്രമാണികൾ മാത്രമാണ് ഇന്നു കാര്യങ്ങൾ തീരുമാനിക്കുന്നത്. ആരാണീ പ്രമാണികൾ? അപൂർവ്വം ചിലരെല്ലാം കഴിഞ്ഞകാലത്തെ സമരപാരമ്പര്യത്തിന്റെ മഹിമയുമായി ആസനസ്ഥരായിരിക്കയാണ്. പക്ഷേ, ഏറിയപങ്കും, സ്വാതന്ത്ര്യസമരകാലത്ത് അധികാരശക്തിയുടെ തണൽപറ്റിനിന്ന് സ്വന്തം കാര്യംനേടി നിന്നിരുന്നവരാണ്. സ്വാതന്ത്ര്യോദയത്തോടുകൂടി അവരെല്ലാം; ബസ്സിനും, റബറിനും, ബാങ്കിനും വേണ്ടി കോൺഗ്രസ്സിൽ നുഴഞ്ഞു കയറി അധികാരം കൈക്കലാക്കിയ ചട്ടമ്പികൾ മാത്രമാണ്. പൊതുവേ പറഞ്ഞാൽ ഭരണകാര്യങ്ങൾ മാന്യമായി നടക്കണമെന്ന് മോഹമോ അങ്ങനെ നടത്താനുള്ള കഴിവോ ഇവർക്കില്ല. സ്വന്തതാൽപര്യങ്ങൾ പുലർത്താൻ ഭരണകക്ഷിയെ കോടാലിക്കൈയാക്കുക മാത്രമാണിവർ ചെയ്യുന്നത്. ക്രമേണ ഇക്കൂട്ടരുടെ ശക്തി വർദ്ധിച്ച്, ഇന്ന്, ഇവരുടെ ആശ്രയത്തോടുകൂടിയല്ലാതെ യാതൊരു മന്ത്രിസഭയ്ക്കും നിലനില്ക്കാൻ കഴികയില്ലെന്ന അവസ്ഥയായിട്ടുണ്ട്. ഇവരെ ഒതുക്കിനിറുത്തുന്ന കാര്യത്തിൽ പഴയ നേതാക്കന്മാർ പരാജയപ്പെട്ടിരിക്കുന്നു. അവർ തന്നെ നിരാശയുടെ കയ്പുമായിക്കഴിയുന്നവരാണ്. സമരത്തിന്റെ ഗതിവേഗം സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കുമുണ്ടായിരിക്കുമെന്ന് വ്യാമോഹിച്ച അവർ പ്രതീക്ഷിച്ചതിൽനിന്ന് ഭിന്നമായി കാര്യങ്ങൾ സംഭവിക്കുന്നതുകണ്ട് കുട്ടികളെപ്പോലെ ശുണ്ഠിപിടിച്ചിരിക്കുന്നു. അവരുടെ മുൻവിധികൾക്കപ്പുറം ലോകമുണ്ടെന്ന് അറിയാനുള്ള കെല്പും അവർക്കില്ല. ചില ഉദാഹരണങ്ങൾ നോക്കുക. നമ്മുടെ കേളപ്പൻ ഈയിടെ പറഞ്ഞു. മാർഗ്ഗാന്തരങ്ങൾ കാണാത്തതുകൊണ്ടാണ് ഇന്നത്തെ ജനാധിപത്യസമ്പ്രദായം വെച്ചുപുലർത്തുന്നതെന്ന്. വാസ്തവംതന്നെ. പക്ഷേ, പ്രസ്താവന അർദ്ധസത്യവും അനവസരവുമാണ്. "പാർലമെന്ററി" എന്ന പദപ്രയോഗമുള്ളതുകൊണ്ട്, ജനാധിപത്യത്തിന്റെ ഭിന്നസമ്പ്രദായങ്ങളെ പരാമർശിക്കുക മാത്രമായിരുന്നു കേളപ്പൻ ചെയ്തത് എന്നു പറഞ്ഞൊഴിയാം. പക്ഷേ, രാഷ്ട്രീയബോധം കഷ്ടിയായ സാധാരണക്കാരുടെയിടയിൽ ആ പ്രസ്താവന ചോദ്യം ചെയ്യുന്നത് "പാർലമെന്ററി"യേയല്ല, ജനാധിപത്യം എല്ലാവരും അംഗീകരിച്ചുകൊണ്ടായിരിക്കണമല്ലോ "പാർലമെന്ററി" സമ്പ്രദായത്തെ പരാമർശിച്ചത്. അദ്ദേഹം മറ്റെന്തു സമ്പ്രദായത്തെയാണുദ്ദേശിക്കുന്നത്? ജനകീയജനാധിപത്യം, കിഴക്കൻ യൂറോപ്യൻ ജനാധിപത്യം, വിശാലജനാധിപത്യം, ചൈനീസ് ജനാധിപത്യം എന്നിങ്ങനെ പല മേൽവിലാസങ്ങളും ഇപ്പോഴുണ്ട്. ഇതൊന്നുമായിരിക്കുകയില്ലല്ലോ കേളപ്പൻ ഉദ്ദേശിച്ചത്. ഇങ്ങനെ അർദ്ധസത്യങ്ങളും അബദ്ധങ്ങളും വിളമ്പാൻ ഇടയാകുന്നതെങ്ങനെയാണ്. ഇതൊക്കെ എവിടെക്കൊണ്ടെത്തിയ്ക്കുമെന്ന് മനസ്സിലാക്കാൻ കേളപ്പന് ബുദ്ധി ശക്തിയില്ലാഞ്ഞിട്ടല്ല. എത്തുന്നിടത്തെത്തട്ടെയെന്നുതന്നെ ഗണിച്ചിട്ടാണ്. പാരമ്പര്യക്കാരനായ ഈ കോൺഗ്രസ്സുകാരൻ ശുണ്ഠി മൂത്ത് കക്ഷിമാറിയാൽ എന്തു ചെയ്യുമെന്ന കഥയിങ്ങനെ. ഇനി കോൺഗ്രസ്സിൽ തന്നെ ഉറച്ചുനിൽക്കുന്ന മറ്റു യോഗ്യന്മാരുണ്ട്. കേരളത്തിലെ ചില വലിയവരുടെ ചെയ്തികൾ ഇവിടെ എടുത്തുപറയാതെ വിടുകയാണ്. ഈ വർഗ്ഗം കേരളത്തിനു പുറത്തുമുണ്ടിപ്പോ. കുറേക്കാലം വൈദ്യവിദഗ്ദ്ധനായി അഭിനയിച്ചതിനുശേഷം രാജഗോപാലാചാരി ഇപ്പോൾ എസ്. ആർ. സി. റിപ്പോർട്ടിന്റെ പൂഴ്ത്തിവെയ്പുകാരനായി അവതരിച്ചിരിക്കയാണ്. ഭാഷാസംസ്ഥാനങ്ങളെ എതിർത്ത ശങ്കരറാവുദേവ് ഇതാ ഉപവസിക്കാൻ തരം നോക്കുന്നു. ഇവരൊന്നും അഭിപ്രായം പറയരുതെന്നോ, പറയുന്ന അഭിപ്രായങ്ങൾ തെറ്റാണെന്നോ അല്ല വാദം. ബോംബെയിലെ ലഹള മാത്രമാണോ ശ്രീദേവിന്റെ രാഷ്ട്രീയമസ്തിഷ്കത്തിന് മൂർച്ച കൂട്ടിയത്? അനവസരമായ ഇത്തരം അഭിപ്രായപ്രകടനങ്ങൾ അന്തരീക്ഷത്തെ വല്ലാതെ ദുഷിപ്പിക്കുമെന്നതാണ് കുഴപ്പം. ജനാധിപത്യപരമായ ഒരു സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ തെറ്റു സംഭവിക്കാനിടയായത്.

ഇതിന് മറ്റൊരു തെളിവുംകൂടി ഉന്നയിക്കാം. തെരഞ്ഞെടുപ്പുകാലങ്ങളിൽ കോൺഗ്രസ്സ് പ്രാസംഗികന്മാർ പല വിഷയങ്ങളെപ്പറ്റിയും സംസാരിക്കാറുണ്ട്. ഒരു വിഷയത്തെപ്പറ്റി മാത്രമേ അവർ നിശ്ശബ്ദരായിരിക്കാറുള്ളൂ. അത് ജനാധിപത്യമെന്ന കാര്യമാണ്. കോൺഗ്രസ് ജനാധിപത്യാദർശത്തെ സംബന്ധിച്ച എന്തെങ്കിലും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായും കേട്ടുകേൾവിയില്ല. ഗാന്ധി, നെഹ്റു, പഞ്ചവത്സരം മുതലായി പലതും നല്ല സാധനങ്ങളാണ്. പക്ഷേ, ജനാധിപത്യമെന്ന ആദർശം ഉറയ്ക്കണമെങ്കിൽ അക്കാര്യംതന്നെ പറയണം. പറഞ്ഞു ഫലിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടെന്നുള്ളത് ഒരു ഒഴികഴിവില്ല. അതുകൊണ്ടുതന്നെ ആ കാര്യത്തിൽ കൂടുതൽ നിഷ്കർഷിക്കുകയാണു വേണ്ടത്. ഇങ്ങനെ ഒരുവശത്ത് പ്രചാരണത്തിനുപുറമേ ജനങ്ങളുടെ ആവശ്യാഭിപ്രായങ്ങൾ ഭരണകൂടത്തെ അറിയിക്കാനുള്ള ഒരു മുഖാന്തിരവും സ്ഥാപിതമാകേണ്ടതാണ്. ഇതിന് ഒരു "പരാതിയന്ത്രം" എന്നു പേരിട്ടാലും വേണ്ടില്ല. അങ്ങനെയൊന്ന് സമർത്ഥമായി പ്രവർത്തിക്കുകയാണെങ്കിൽ, ഇന്ന് ബോംബെയിലും ഇന്നലെ ആന്ധ്രയിലും നടന്നപ്രക്ഷോഭണസമ്പ്രദായങ്ങൾ കൂടാതെ കഴിക്കാം. അങ്ങനെയായാൽ അതു ഭരണകൂടത്തിന് സ്വസ്ഥതയാണ്, ജനങ്ങൾക്ക് ക്ഷേമകരമാണ്; ജനാധിപത്യത്തിന് പുലരാൻ ഉത്തമ അന്തരീക്ഷവും.

പ്രഭാതം 1956.

□

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതികമുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014